# Malayala Manorma

## 18 June 2018

## Kakkanad: Heavy rain, Flood victims



# മഴക്കെടുതി നേരിടാൻ ഊർജിത നടപടി

### ദുരിത ബാധിത മേഖലകളിൽ കലക്ടറുടെ നേതൃത്വത്തിൽ ഉന്നതതല സംഘമെത്തി

കാക്കനാട് ● ജില്ലയിൽ കനത്ത മഴ നാശം വിതച്ച മേഖലകളിൽ അടിയന്തര ദുരിതാശ്വാസ നടപടികളുമായി ജില്ലാ ഭരണകൂടം.

റവന്യൂ, ദുരന്ത നിവാരണ വകുപ്പുകളുടെ നേതൃത്വത്തിൽ യുദ്ധകാലാടിസ്ഥാനത്തിലുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നു കലക്ടർ മുഹമ്മദ് സഫിറുല്ല പറഞ്ഞു. ദുരിത ബാധിത മേഖലകളിൽ കലക്ടറുടെ നേതൃത്വത്തിൽ ഉന്നതതല സംഘമെത്തി നടപടികൾ വിലയിരുത്തി. കോതമംഗലം, മൂവാറ്റുപുഴ, കുന്നത്തുനാട്, ആലുവ മേഖലകളിലായിരുന്നു സന്ദർശനം. കാലവർഷക്കെടുതിയിൽ തകർന്ന ഭൂതത്താൻകെട്ടിലേക്കുള്ള റോഡും സംഘം പരിശോധിച്ചു. കോതമംഗലം ടൗൺ യുപി സ്കൂളിലെ പുനരധിവാസ ക്യാംപിലെ സൗകര്യങ്ങൾ വിലയിരുത്തി.

ഭൂതത്താൻകെട്ട് റോഡിൽ ഇന്നു വൈകുന്നേരത്തോടെ പൂർണതോതിൽ ഗതാഗതം പുനഃസ്ഥാപിക്കുമെന്ന് അധികൃതർ പറഞ്ഞു. ഒറ്റവരിയിലായിരിക്കും ഗതാഗതം അനുവദിക്കുക. ഇവിടെ ഒന്നര മീറ്റർ വീതിയുള്ള ഇരുമ്പ് പൈപ്പ് സ്ഥാപിച്ചു വെള്ളം ഒഴുക്കി വിടുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വെള്ളം ഒഴുക്കിവിട്ട ശേഷം അതിനു മുകളിൽ മെറ്റൽ ഉറപ്പിച്ചു ഗതാഗതം പുനഃസ്ഥാപിക്കാനാണ് ശ്രമം. കോതമംഗലം തൃക്കാരിയൂർ തങ്കക്കുളം ജവാഹർ കോളനിയിൽ വെള്ളം കയറിയതിനെ തുടർന്ന് 30 കുടുംബങ്ങളെ കോതമംഗലം ടൗൺ യുപി സ്കൂളിലേക്കു മാറ്റിപ്പാർപ്പിച്ചു.

മണികണ്ഠൻചാൽ, കല്ലേലിമേട് പ്രദേശങ്ങളിൽ സഹായമെത്തിച്ചതായി തഹസിൽദാർ കെ.എസ്. പരീത് അറിയിച്ചു. പൂയംകുട്ടി പുഴയിലെ ജലനിരപ്പ് താഴ്ന്നതോടെ ആദിവാസി ഊരുകളിലും സഹായമെത്തിച്ചു. അത്യാവശക്കാരെ പോലീസിന്റെ സഹായത്തോടെ അക്കരെയും ഇക്കരെയും എത്തിക്കാനും നടപടിയെടുത്തിട്ടുണ്ട്. കുട്ടമ്പുഴ പഞ്ചായത്തു കേന്ദ്രീകരിച്ച് കൺട്രോൾ റൂമും തുറന്നു. തഹസിൽദാർ ആർ. രേണു, റവന്യൂ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ കലക്ടറോടൊപ്പമുണ്ടായിരുന്നു.

കുന്നത്തുനാട് താലൂക്കിലെ വേങ്ങൂരിൽ അപകടാവസ്ഥയിലുള്ള കണിച്ചാട്ടുപാറ പാലം കലക്ടർ സന്ദർശിച്ചു.

താൽക്കാലികമായി ഈ പ്രദേശത്തെ മാലിന്യങ്ങൾ നീക്കി ഒഴുക്ക് സുഗമമാക്കിയിട്ടുണ്ട്. ചേലാമറ്റം വില്ലേജിലെ ഒക്കൽതുരുത്തിലെ 30 കുടുംബങ്ങൾക്ക് 10 കിലോ സൗജന്യ അരി വിതരണം കലക്ടർ നിർവഹിച്ചു. വെള്ളത്താൽ ചുറ്റപ്പെട്ട ഈ പ്രദേശത്ത് ഒരു ചെറിയ ചപ്പാത്ത് മാത്രമാണ് പുറത്തേക്കു കടക്കുവാനുള്ളത്. ഇതു വെള്ളം കയറി മുങ്ങിപ്പോയതിനാൽ 30 കുടുംബങ്ങൾ ഒറ്റപ്പെട്ട നിലയിലാണ്. ഉയർന്ന സ്ഥലമായതിനാൽ വീടുകളിലേക്കു വെള്ളം കയറാൻ സാധ്യതയില്ല. ഇവിടുള്ളവർക്കു ജോലിക്കു പോകാൻ സാധിക്കാത്ത സാഹചര്യത്തിലാണ് സൗജന്യ അരി വിതരണം ചെയ്തത്.

### കടലാക്രമണം തടയാൻ ദ്രുതകർമ നടപടി

ചെല്ലാനത്ത് ജിയോ ട്യൂബുകൾ ഉപയോഗിച്ച് കടലാക്രമണം തടയാനായുള്ള പ്രവൃത്തികൾ ആരംഭിച്ചതായി ദുരന്ത നിവാരണ വിഭാഗം അറിയിച്ചു. കമ്പനിപ്പടി, ബസാർ എന്നിവിടങ്ങളിൽ മുന്നൂറോളം ജിയോ ബാഗുകൾ ഉപയോഗിച്ച് കടലാക്രമണം ഫലപ്രദമായി തടയുന്നുണ്ട്. താലൂക്കുകളിൽ കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. അടിയന്തര ഘട്ടത്തിൽ ദുരിതാശ്വാസ കേന്ദ്രങ്ങൾ തുറക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.